©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2025 ഡിസംബർ 18<br>18th December 2025<br>1201 ധനു 3<br>3rd Dhanu 1201<br>1947 അഗ്രഹായനം 27<br>27th Agrahayana 1947 | നമ്പർ<br>No. 4253 |

**ഫോറം നമ്പർ 16**

**(റൂൾ 79)**

1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം

ബി. 1541/2025 *2025 ഡിസംബർ 17*

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ ചെലവൂർ വില്ലേജിൽ ചെലവൂർ ദേശത്തും പെരുവയൽ വില്ലേജിൽ ചെറുകുളത്തൂർ (പെരിങ്ങൊളം) ദേശത്തും താഴെ പറയുന്ന സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഭൂമികളുടെ സർവ്വെ നടത്തണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കയാൽ താഴെ പറയുന്ന വില്ലേജുകളിലെ സർവ്വെ പ്രവർത്തനങ്ങൾ വേഗം ആരംഭിക്കുന്നതാണെന്നും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെ പറയുന്ന വില്ലേജുകളിലെ താഴെ പറയുന്ന ദേശങ്ങളിലെ താഴെ പറയുന്ന സർവ്വെ നമ്പറുകളിലെ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്ന് 1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1) വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെ പറയുന്ന ഭൂമിയുടെ ഉള്ളിലോ, അഥവാ അതിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ, ഏജന്റ് മുഖേനയോ, സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതിനോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതാത് സമയങ്ങളിൽ ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുക്കൊള്ളുന്നു.

"പ്രസ്തുത ആക്ടിലെ 6(2) വകുപ്പ് പ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമികളിൽ അവകാശബന്ധമുള്ള ഏതൊരാൾക്കും സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്. "

പ്രസ്തുത ആക്ടിലെ 6(3) വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ അവകാശക്കാരും :-

എ. സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യം ഉണ്ടായേക്കാവുന്ന വല്ല മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ, നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും

ബി. കൊടി പിടിക്കുന്നവരെയും ചെയിൻമാൻമാരെയും നിയോഗിച്ച് അതത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

സി. അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റു പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളൊ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽ പറഞ്ഞ എ മുതൽ സി വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കാൻ ആരെങ്കിലും വീഴ്ച്ച വരുത്തുകയാണെങ്കിൽ ആ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതു പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച്ച വരുത്തുന്നവരിൽ നിന്നും വസൂലാക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പട്ടിക

ജില്ല—കോഴിക്കോട്. താലൂക്ക്—കോഴിക്കോട്.

| വില്ലേജ്— ചെലവൂർ | ദേശം— ചെലവൂർ |
|---|---|
| റീ. സർവ്വെ നമ്പർ | 245. |

| വില്ലേജ്— പെരുവയൽ | ദേശം— ചെറുകുളത്തൂർ(പെരിങ്ങൊളം) |
|---|---|
| റീ. സർവ്വെ നമ്പർ | 43, 44, 42, 41, 47, 56, 39, 29. |

| | |
|---|---|
| ആകെ വിസ്തീർണ്ണം | 0.3540 ഹെക്ടർ |

(ഒപ്പ്)

***സ്പെഷ്യൽ തഹസിൽദാർ (എൽ.എ)***
***കോഴിക്കോട് നഗരപാതവികസനപദ്ധതി,***
***കോഴിക്കോട്.***

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.18 02:56:42 +05:30